## ചോദ്യപേപ്പർ ചോർച്ച

# കോൺഗ്രസ് യുവ മഹാസമര സംഗമം ഓഗസ്റ്റ് ഒന്നിന്



രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്യും

**ഇരിട്ടി:** രാജ്യത്തെ വിദ്യാർഥികളുടെയും ഉദ്യോഗാർഥികളുടെയും ഭാവിയെ ബാധിക്കുന്ന ചോദ്യപേപ്പർ ചോർച്ചയ്ക്കും കേന്ദ്രസർക്കാരിന്റെ ഭരണപരാജയങ്ങൾക്കുമെതിരേ കോൺഗ്രസ് യുവജന സംഘടനകളുടെ നേതൃത്വത്തിൽ ഓഗസ്റ്റ് ഒന്നിന് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് 'യുവ മഹാസമര സംഗമം' സംഘടിപ്പിക്കുമെന്ന് കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് പത്രസമ്മേളനത്തിൽ അറിയിച്ചു.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സമ്മേളനം ഉദ്ഘാടനം ചെയ്യും. രാജസ്ഥാനിലെ കോട്ടയിൽനിന്ന് ഉത്തരാഖണ്ഡിലെ ഡെറാഡൂൺ വരെ ലക്ഷക്കണക്കിന് യുവാക്കളെ അണിനിരത്തി രാഹുൽ ഗാന്ധി നടത്തിയ റാലിയുടെ തുടർച്ചയായാണ് 'വിദ്യാർഥി ഗർജനം' എന്ന പേരിൽ സമരസംഗമം സംഘടിപ്പിക്കുന്നതെന്ന് സണ്ണി ജോസഫ് പറഞ്ഞു.

20ലധികം സംസ്ഥാനങ്ങളിൽ 152ലധികം ചോദ്യപേപ്പർ ചോർച്ചകൾ നടന്നതായും ഇത് ഏകദേശം 7.5 കോടി വിദ്യാർഥികളെയും അവരുടെ കുടുംബങ്ങളെയും ബാധിച്ചതായും സണ്ണി ജോസഫ് ആരോപിച്ചു.

ചോദ്യപേപ്പർ ചോർച്ചയ്ക്ക് പിന്നിലെ മാഫിയയെ നിയമത്തിന് മുന്നിലെത്തിക്കാനോ ശിക്ഷിക്കാനോ കേന്ദ്രസർക്കാരിന് കഴിഞ്ഞിട്ടില്ലെന്നും രാജ്യത്താകെ ഇതിനെതിരേ ശക്തമായ യുവജന പ്രതിഷേധം ഉയരുകയാണെന്നും അദ്ദേഹം പറഞ്ഞു.

### പിഎസ്‌സി നിയമനങ്ങളിലും ആശങ്ക

കേരളത്തിലും പിഎസ്‌സി നിയമനങ്ങളിൽ സമാനമായ ആശങ്കകൾ നിലനിൽക്കുന്നുണ്ടെന്ന് സണ്ണി ജോസഫ് ആരോപിച്ചു. അന്വേഷണസംഘം ആവശ്യപ്പെട്ട ഫയലുകൾ പോലും കൈമാറാൻ പിഎസ്‌സി തയാറാകാത്തത് ദുരൂഹമാണെന്ന് അദ്ദേഹം പറഞ്ഞു.

### പരസ്യവിമർശനങ്ങൾ പ്രോത്സാഹിപ്പിക്കില്ല

കെഎസ്‌യു സംസ്ഥാന നേതൃത്വവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പാർട്ടിക്കുള്ളിൽ ചർച്ച ചെയ്ത് പരിഹരിക്കുമെന്നും പരസ്യവിമർശനങ്ങളെ പ്രോത്സാഹിപ്പിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കെ എസ് യു നേതാക്കൾ ഉന്നയിച്ച പരാതികൾ ബന്ധപ്പെട്ട നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും പരിഹാരമുണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പൊതിച്ചോർ വിതരണം ഒരു മന്ത്രിക്കും തടയാനാകില്ല: വി.കെ. സനോജ്

**കണ്ണൂർ:** ആയിരക്കണക്കിനാളുകൾക്ക് ആശ്വാസമായ ഡിവൈഎഫ്ഐയുടെ ഹൃദയപൂർവം പൊതിച്ചോർ വിതരണത്തിൽ രാഷ്ട്രീയം കാണുന്നത് ആരോഗ്യമന്ത്രി കെ. മുരളീധരനെന്ന് സംസ്ഥാന സെക്രട്ടറി വി.കെ. സനോജ് എംഎൽഎ. ഭക്ഷണം നൽകുമ്പോൾ അതിൽ ഒരു രാഷ്ട്രീയ ഇടപെടലും ഡിവൈഎഫ്ഐ നടത്തിയിട്ടില്ല. ഇതുവരെ തുടർന്നിരുന്നതുപോലെ വരുംദിവസങ്ങളിലും പൊതിച്ചോർ വിതരണം ചെയ്യും. ഒരു മന്ത്രിക്കും അത് തടയാനാകില്ലെന്നും സനോജ് പറഞ്ഞു.

ഡിവൈഎഫ്ഐക്കു വിവിധയിടങ്ങളിലായി നൂറുകണക്കിന് ആംബുലൻസുകളുണ്ട്. അതും നിർത്താൻ മന്ത്രി പറയുമോ? ഓരോ ദിവസവും ആയിരത്തിലേറെപ്പേർക്ക് രക്തം ദാനം ചെയ്യുന്ന സംഘടനയാണ് ഡിവൈഎഫ്ഐ. ഉമ്മൻ ചാണ്ടി ഭരിക്കുമ്പോഴും ഏറ്റവും കൂടുതൽ രക്തംദാനം ചെയ്ത സംഘടനയ്ക്കുള്ള പുരസ്കാരം ലഭിച്ചത് ഡിവൈഎഫ്ഐക്കാണ്. ഡിവൈഎഫ്ഐയുടെ രക്തദാനവും തടയുമെന്ന് മന്ത്രി പറയുമോ? എന്തിനാണ് മുരളീധരൻ ഡിവൈഎഫ്ഐയെ ഭയക്കുന്നതെന്നും സനോജ് ചോദിച്ചു. ഡിവൈഎഫ്ഐയുടെ പൊതിച്ചോർ വിതരണത്തിൽ ഒരു ക്രമസമാധാന പ്രശ്നവും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും സനോജ് പറഞ്ഞു.

## ശില്പമായി വി.എസ്; കാണാൻ മകനെത്തി

**പയ്യന്നൂർ:** ശില്പരൂപത്തിൽ പുനർജനിച്ച അച്ഛനെ കാണാൻ മകനെത്തി. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ അർധകായ പ്രതിമ കാണാനാണ് ശില്പി ഉണ്ണി കാനായിയുടെ പണിപ്പുരയിൽ വി.എസിന്റെ മകൻ വി.എ. അരുൺകുമാർ എത്തിയത്. കാനായിയിലെ പണിപ്പുരയിലാണ് വി.എസിന്റെ ശില്പം ഒരുങ്ങുന്നത്.

ആലപ്പുഴയിൽ വി.എസിന്റെ വീട്ടിൽ സ്ഥാപിക്കാനാണ് മൂന്നര അടി ഉയരമുള്ള അർധകായ ശില്പം ഫൈബർ ഗ്ലാസിൽ നിർമിക്കുന്നത്. മകൻ അരുൺകുമാറിന്റെ നിർദേശപ്രകാരം ചിരിക്കുന്ന മുഖത്തോടു കൂടി ആളുകളെ നോക്കുന്ന രീതിയിലുള്ള വെങ്കലനിറം പൂശിയ ശില്പമാണ് ഉണ്ണി നിർമിക്കുന്നത്.

ഫൈബർ ഗ്ലാസിലേക്കു മാറ്റുന്നതിനു മുമ്പായി കളിമണ്ണിൽ നിർമിച്ച ശില്പം വിലയിരുത്താനാണ് അരുൺകുമാർ പണിപ്പുരയിലെത്തി നിർദേശങ്ങൾ നൽകിയത്. സിപിഎം കോറോം ഈസ്റ്റ് ലോക്കൽ സെക്രട്ടറി വി.വി. ഗിരീഷും കൂടെയുണ്ടായിരുന്നു. വി.എസിന്റെ ഒന്നാം ചരമവാർഷികമായ നാളെ ആലപ്പുഴയിലെ വീട്ടിൽ ശില്പം സ്ഥാപിക്കും.



പയ്യന്നൂർ കാനായിയിലെ ശില്പി ഉണ്ണി കാനായിയുടെ പണിപ്പുരയിൽ നിർമിച്ചുകൊണ്ടിരിക്കുന്ന വി.എസ്. അച്യുതാനന്ദന്റെ ശില്പം കാണാൻ മകൻ വി.എ. അരുൺകുമാർ എത്തിയപ്പോൾ.



അറസ്റ്റിലായ മിഥുൻദാസ്, മധു

## ബൈക്കിൽ കടത്തിയ 1.45 കിലോഗ്രാം കഞ്ചാവുമായി രണ്ടുപേർ അറസ്റ്റിൽ

**ചിറ്റൂർ:** ബൈക്കിൽ കഞ്ചാവു കടത്തുന്നതിനിടെ രണ്ടുപേരെ ചിറ്റൂർ പോലീസും ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചേർന്ന് അറസ്റ്റ് ചെയ്തു. പെരുമാട്ടി നന്ദിയോട് കൈപ്പൻകളം സ്വദേശി എം. മിഥുൻദാസ് (29), മുതലമട നരിപ്പാറ ചള്ള സ്വദേശി യു. മധു (27) എന്നിവരെയാണ് 1.45 കിലോഗ്രാം കഞ്ചാവുമായി പിടികൂടിയത്.

ഇന്നലെ പുലർച്ചെ 1.30ന് ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി തത്തമംഗലത്ത് നടത്തിയ പരിശോധനയിലാണ് പ്രതികൾ പിടിയിലായത്.

ഒറീസയിൽനിന്നാണ് കഞ്ചാവു കൊണ്ടുവന്നതെന്ന് പ്രതികൾ മൊഴിനൽകിയതായി പോലീസ് പറഞ്ഞു. കൊല്ലങ്കോട് സ്റ്റേഷൻ പരിധിയിലെ ഒട്ടേറെ കേസുകളിലെ പ്രതിയായ മധുവിനെ കഴിഞ്ഞമാസം കാപ്പ ചുമത്തി മൂന്നു മാസത്തേക്ക് ജില്ലയിൽനിന്ന് നാടുകടത്തിയിരുന്നു. വിലക്ക് ലംഘിച്ച് ജില്ലയിൽ പ്രവേശിച്ചതിനും മധുവിനെതിരേ കേസെടുക്കും.

കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

### നേട്ടം



പാലക്കാട് ഐഐടി സിവിൽ എൻജിനിയറിംഗ് വിഭാഗത്തിൽനിന്ന് പിഎച്ച്ഡി നേടിയ ഫെമിൻ സി. വർഗീസ് (ആർക്കാഡിസ്, ബംഗളൂരു). പാലക്കാട് കല്ലേക്കുളങ്ങര സ്വാതി നഗർ ചിറയത്ത് സി.ജെ. വർഗീസിന്റെയും (റിട്ടയേഡ് ലോക്കോ പൈലറ്റ്), സി.ജെ. മിനിമോളുടെയും (റിട്ടയേഡ് അധ്യാപിക) മകളാണ്. ഭർത്താവ്: തൃശൂർ ഒല്ലൂർ വടക്കേത്തല മെൽവിൻ വിൽസൺ (പ്രോജക്ട് മാനേജർ, സീമെൻസ് ഹെൽത്തിനീർസ്).

## സ്വയം പെരുപ്പിച്ചുകാട്ടുന്നതല്ല യഥാർഥ പബ്ലിക് റിലേഷനെന്ന് എൻ. പ്രശാന്ത്

**തിരുവനന്തപുരം:** പബ്ലിക് റിലേഷൻസ് എന്നാൽ സ്വയം പെരുപ്പിച്ചു കാട്ടി അവതരിപ്പിക്കുന്നതോ ബ്രാൻഡിംഗോ അല്ലെന്നും, മറിച്ച് ജനങ്ങളുമായി നിരന്തരം സംവദിക്കാനും കൃത്യമായ ഇടപെടലുകൾ സാധ്യമാക്കാനും കഴിയുന്ന ഫലപ്രദവും ചടുലവുമായൊരു ഉപാധിയാണെന്നും കായിക യുവജന ക്ഷേമ വകുപ്പ് സ്പെഷൽ സെക്രട്ടറി എൻ. പ്രശാന്ത്.

പബ്ലിക് റിലേഷൻസ്, ജേണലിസം, പരസ്യമേഖല എന്നിവയിലെ പ്രഫഷണലുകളുടെ ഇന്ത്യയിലെ കൂട്ടായ്മയായ പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം ചാപ്റ്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എന്റെ മുഖം, എന്റെ ഫിഗർ എന്ന രീതിയിൽ സ്വയം തള്ളിമറിക്കുന്നതല്ല യഥാർഥ പിആർ. ഗുണകരമായ രീതിയിൽ ഭരണ-പൊതുസംവിധാനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒന്നാണതെന്നും അദ്ദേഹം പറഞ്ഞു.

### ദമ്പതീധ്യാനം

**ചങ്ങനാശേരി:** തുരുത്തി കാനാ കുടുംബനവീകരണ കേന്ദ്രത്തിൽ ഓഗസ്റ്റ് ആറിന് വൈകുന്നേരം ആറുമുതൽ ഒമ്പതിന് ഉച്ചയ്ക്ക് ഒന്നുവരെ ദമ്പതീധ്യാനം നടക്കും. വൈവാഹിക ജീവിത നവീകരണത്തിനും കുടുംബനവീകരണത്തിനും കുടുംബ കൗൺസലിംഗിനും ആന്തരികസൗഖ്യത്തിനും ബന്ധനവിമുക്ത പ്രാർഥനയ്ക്കും ആത്മാഭിഷേകത്തിനും പ്രാധാന്യം നൽകുന്ന ധ്യാനമാണിത്. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യാനും: 9495745557, 8547518500

# വഖഫ്: സർക്കാർ നിലപാട് കൊടുംവഞ്ചനയെന്ന് പിണറായി

**തിരുവനന്തപുരം:** സംഘപരിവാർ അജണ്ടകൾക്കു നിരന്തരം കീഴടങ്ങുന്ന യുഡിഎഫ് സർക്കാരിന്റെ ഏറ്റവും വഞ്ചനാപരമായ മുഖമാണ് വഖഫ് വിഷയത്തിൽ ഇപ്പോൾ പുറത്തുവന്നിരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യവും മതസ്ഥാപനങ്ങളുടെ മേലുള്ള സ്വതന്ത്രാധികാരവും ന്യൂനപക്ഷങ്ങൾക്ക് നിഷേധിക്കുന്ന കേന്ദ്ര വഖഫ് നിയമഭേദഗതിയെ ഹൈക്കോടതിയിൽ പിന്തുണച്ച സംസ്ഥാന സർക്കാരിന്റെ നടപടി കടുത്ത അനീതിയാണെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു.

പിഎം ശ്രീ, വഖഫ് ഭേദഗതി വിഷയങ്ങളിൽ നേരത്തേ ശക്തമായ എതിർപ്പ് ഉയർത്തിയ മുസ്‌ലിം ലീഗ്, ഇപ്പോൾ അതേ സംഘപരിവാർ നയങ്ങളുടെ വക്താക്കളായി മാറിയിരിക്കുകയാണ്. അധികാരത്തിലെത്തിയതിനുശേഷം നിലപാടുകളിൽനിന്നുള്ള ഈ മറുകണ്ടംചാടൽ മുസ്‌ലിം ജനസാമാന്യത്തോടുള്ള കൊടിയ വഞ്ചനയാണ്.

അമുസ്‌ലിംകളെ വഖഫ് ബോർഡിൽ അംഗങ്ങളാക്കി ഉൾപ്പെടുത്തിയില്ല എന്നു ചൂണ്ടിക്കാട്ടി ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് അടക്കം നൽകിയ ഹർജികളിലാണ് യുഡിഎഫ് സർക്കാർ ഈ ഒത്തുകളി നടത്തിയത്.

2026 ജൂലൈ 14ന് സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പുതിയ ഭേദഗതി നിയമത്തിലെ 14-ാം വകുപ്പ് അക്ഷരംപ്രതി അനുസരിച്ച് വഖഫ് ബോർഡ് പുനഃസംഘടിപ്പിക്കാൻ സർക്കാർ തയാറാണെന്നു വ്യക്തമാക്കിയിരിക്കുന്നു. മുസ്‌ലിം ലീഗിന്റെ നോമിനിയായ സ്പെഷൽ ഗവൺമെന്റ് പ്ലീഡർ പി.എം. സനീർ മുഖാന്തിരമാണ് ഈ സത്യവാങ്മൂലം സമർപ്പിച്ചത്.

ലീഗിന്റെ നിന്ദ്യമായ ഇരട്ടത്താപ്പാണ് ഇതിലൂടെ തുറന്നുകാട്ടപ്പെടുന്നത്. അഡ്വക്കറ്റ് ജനറലും ഇതേ നിലപാട് കോടതിയിൽ ആവർത്തിച്ചു. കേന്ദ്രസർക്കാരിനു വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറലും ഇക്കാര്യത്തിൽ ഹർജിക്കാരോടും സംസ്ഥാന സർക്കാരിനോടുമുള്ള യോജിപ്പ് കോടതിയെ അറിയിച്ചു.

പുതിയ ഭേദഗതി പ്രകാരം, പരമാവധി 11 അംഗങ്ങളെ നാമനിർദേശം ചെയ്താണ് വഖഫ് ബോർഡ് രൂപീകരിക്കേണ്ടത്. ഒമ്പതു പേരെയാണ് 2026ൽ എൽഡിഎഫ് സർക്കാർ നിയമിച്ചത്. ബാക്കി രണ്ടു പേരെ പിന്നീട് നിയമിക്കുമെന്നു പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഭേദഗതി നിയമത്തോടുള്ള വിയോജിപ്പിന്റെ അടിസ്ഥാനത്തിൽ അമുസ്‌ലിം അംഗങ്ങളെ നിയമിക്കാൻ എൽഡിഎഫ് സർക്കാർ തയാറായില്ല.

വഖഫ് ബോർഡ് യോഗം ചേരാൻ ആകെ 11ൽ അഞ്ചു പേരുടെ ക്വാറം മതി. അതുകൊണ്ടുതന്നെ നിലവിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ യാതൊരു നിയമ തടസവുമുണ്ടായിരുന്നില്ല. എന്നിട്ടും കേന്ദ്രനിയമത്തിന്റെ പേരുപറഞ്ഞ് ഹൈക്കോടതിയിൽയുഡിഎഫ് സർക്കാരും അഡ്വക്കറ്റ് ജനറലും കടുംപിടിത്തം പിടിക്കുന്നത് എന്തിനാണെന്നും പിണറായി വിജയൻ ചോദിച്ചു.

## കുടുംബശ്രീ പദ്ധതികൾക്കായി 93.7 കോടി കൂടി

**കൊച്ചി:** കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഈ സാമ്പത്തികവർഷം നടപ്പാക്കുന്ന വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കായി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (എൻആർഎൽഎം) രണ്ടാം ഗഡുവായി 93.7 കോടി രൂപകൂടി അനുവദിച്ചു. ഇതിൽ 5.56 കോടി രൂപ സംസ്ഥാന മിഷന്റെയും 80.04 കോടി രൂപ 14 ജില്ലാ മിഷനുകളുടെയും പദ്ധതിപ്രവർത്തനങ്ങൾക്കുള്ളതാണ്.

കുടുംബശ്രീ കേരള ചിക്കൻ പദ്ധതിക്കായി ആറു കോടിയും അട്ടപ്പാടി ആദിവാസി സമഗ്ര വികസന പ്രത്യേക പദ്ധതിക്കായി രണ്ടു കോടിയും ഈ ഫണ്ടിൽനിന്നു നൽകും.

കുടുംബശ്രീ സമർപ്പിച്ച ഈ സാമ്പത്തികവർഷത്തെ 400.84 കോടി രൂപയുടെ വാർഷിക കർമപദ്ധതിക്ക് എൻആർഎൽഎം നേരത്തേ അംഗീകാരം നൽകിയിരുന്നു.

## ആൻഡ്രൂ ടെറ്റും സഹോദരനും യുഎസിൽ അറസ്റ്റിൽ

**വാഷിംഗ്ടൺ ഡിസി:** ആഗോളതലത്തിൽ ദശലക്ഷക്കണക്കിന് ഫോളോവേഴ്സുള്ള പ്രമുഖ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസറും മുൻ പ്രൊഫഷണൽ കിക്ക്ബോക്സറുമായ ആൻഡ്രൂ ടെറ്റും (39) സഹോദരൻ ട്രിസ്റ്റൻ ടെറ്റും (38) അമേരിക്കയിൽ അറസ്റ്റിലായി. ബ്രിട്ടീഷ് അധികൃതർ ഇരുവർക്കുമെതിരേ 38 പുതിയ ക്രിമിനൽ കുറ്റങ്ങൾ കൂടി ചുമത്തിയതിനു പിന്നാലെ യുഎസ് മാർഷൽസ് സംഘമാണ് മിയാമിയിൽനിന്ന് ഇരുവരെയും കസ്റ്റഡിയിലെടുത്തത്. ബ്രിട്ടനിലേക്കു നാടുകടത്തുന്നതിനുള്ള നിയമനടപടികളുടെ ഭാഗമായാണ് അറസ്റ്റെന്ന് യുഎസ് നീതിന്യായ വകുപ്പ് വ്യക്തമാക്കി.

പുതിയ കുറ്റപത്രങ്ങൾ കൂടി വന്നതോടെ ഇരുവർക്കുമെതിരേയുള്ള കേസുകളുടെ എണ്ണം 59 ആയി ഉയർന്നു. ഇതിൽ ആൻഡ്രൂ ടെറ്റ് 42 കേസുകളും ട്രിസ്റ്റൻ 17 കേസുകളുമാണ് നേരിടുന്നത്. 2010 ജൂലൈ മുതൽ 2017 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ നടന്നതായി പറയപ്പെടുന്ന കുറ്റകൃത്യങ്ങളിലാണ് യുകെയിലെ ക്രൗൺ പ്രോസിക്യൂഷൻ സർവീസ് നിലവിൽ നടപടി സ്വീകരിച്ചിരിക്കുന്നത്. ആൻഡ്രൂ ടെറ്റിനെതിരേ ഏഴ് പുതിയ ബലാത്സംഗക്കേസുകൾ, മനുഷ്യക്കടത്ത്, കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ കൈവശം വയ്ക്കൽ തുടങ്ങിയ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

ട്രിസ്റ്റൻ ടെറ്റിനെതിരേ രണ്ടു ബലാത്സംഗക്കേസുകൾ, ലൈംഗിക ചൂഷണത്തിനായി മനുഷ്യക്കടത്തിനു സൗകര്യമൊരുക്കൽ തുടങ്ങിയ കുറ്റങ്ങളാണുള്ളത്.

ബ്രിട്ടീഷ്-യുഎസ് ഇരട്ട പൗരത്വമുള്ളവരാണ് ടെറ്റ് സഹോദരന്മാർ. തങ്ങൾക്കെതിരേയുള്ള എല്ലാ കുറ്റങ്ങളും ടെറ്റ് സഹോദരന്മാർ നിഷേധിച്ചു. ബ്രിട്ടനിൽ തങ്ങൾ ഫയൽ ചെയ്ത മാനനഷ്ടക്കേസിനെ പ്രതിരോധിക്കാൻ വേണ്ടി മനഃപൂർവം കെട്ടിച്ചമച്ച രാഷ്ട്രീയപ്രേരിതമായ നീക്കമാണ് പുതിയ കുറ്റപത്രങ്ങളെന്ന് ഇവരുടെ അഭിഭാഷകനായ ജോസഫ് മക്ബ്രൈഡ് ആരോപിച്ചു.

# യുദ്ധക്കെടുതി അനുഭവിക്കുന്നവരെ മറക്കരുത്: മാർപാപ്പ

**റോം:** ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടരുന്ന യുദ്ധങ്ങളിലും അക്രമങ്ങളിലും ആശങ്ക രേഖപ്പെടുത്തിയും ദുരിതമനുഭവിക്കുന്നവർക്കായി പ്രാർഥനകൾ ശക്തമാക്കാൻ ആഹ്വാനം ചെയ്തും ലെയോ പതിനാലാമൻ മാർപാപ്പ.

വേനൽക്കാല വസതിയായ കസ്തേൽ ഗണ്ടോർഫോ ഇന്നലെ ത്രിസന്ധ്യാ പ്രാർഥനയ്ക്കു ശേഷം തീർഥാടകരെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ.

യുദ്ധവും അക്രമവും തകർത്ത വിവിധ രാജ്യങ്ങളിലെ സംഭവവികാസങ്ങളെ അതീവ ആശങ്കയോടെയാണ് നോക്കിക്കാണുന്നതെന്ന് മാർപാപ്പ പറഞ്ഞു. "ഈ സംഘർഷങ്ങൾ കാരണം ദുരിതമനുഭവിക്കുന്നവരെയും മരിക്കുന്നവരെയും നാം മറക്കരുത്. സമാധാനത്തിനായുള്ള ആത്മാർഥമായ ശ്രമങ്ങൾക്കൊപ്പം നമ്മുടെ നിരന്തരമായ പ്രാർഥനകളും ചേർത്തുവയ്ക്കാം" - മാർപാപ്പ ഓർമിപ്പിച്ചു.

യുക്രെയ്ൻ തലസ്ഥാനമായ കീവിൽ റഷ്യ നടത്തിയ ശക്തമായ മിസൈൽ ആക്രമണത്തിൽ ആളപായവും നാശനഷ്ടങ്ങളും റിപ്പോർട്ട് ചെയ്തിരുന്നതിന്റെയും ഇറാനിൽ യുഎസ് നടത്തിയ വ്യോമാക്രമണങ്ങളും തുടർന്ന് കുവൈറ്റിലെ യുഎസ് സൈനിക താവളങ്ങൾക്കുനേരേ ഇറാൻ നടത്തിയ മിസൈൽ-ഡ്രോൺ ആക്രമണങ്ങളും ഉൾപ്പെടെ പശ്ചിമേഷ്യയിലുണ്ടായ പുതിയ സംഘർഷാവസ്ഥയുടെയും പശ്ചാത്തലത്തിലാണു മാർപാപ്പയുടെ ആഹ്വാനം.

ക്രൈസ്തവർ പുലർത്തേണ്ട വിനയത്തെയും കാരുണ്യത്തെയും കുറിച്ച് ഓർമിപ്പിച്ച മാർപാപ്പ, ബലപ്രയോഗത്തിലൂടെയോ ആധിപത്യത്തിലൂടെയോ ആഡംബരത്തോടെയോ കടന്നുവരുന്ന ഒരു ശക്തനായ ഭരണാധികാരിയായി ദൈവത്തെ സങ്കൽപ്പിക്കരുതെന്ന് മുന്നറിയിപ്പ് നൽകി. ഈമാസം 27 വരെ മാർപാപ്പ കസ്തേൽ ഗണ്ടോൾഫോയിൽ വിശ്രമത്തിൽ തുടരും.

## കുറഞ്ഞ വിലയ്ക്കു ക്രിപ്റ്റോ കറൻസി: 16 ലക്ഷം തട്ടിയെന്ന പരാതിയിൽ കേസെടുത്തു

**കൊച്ചി:** കുറഞ്ഞ വിലയ്ക്ക് ക്രിപ്റ്റോ കറൻസി നൽകാമെന്നു വിശ്വസിപ്പിച്ച് 16 ലക്ഷം തട്ടിയെടുത്തെന്ന പരാതിയിൽ എറണാകുളം നോർത്ത് പോലീസ് കേസെടുത്തു. കണ്ണൂർ സ്വദേശി കൈലാസ്, എറണാകുളം സ്വദേശികളായ വിഷ്ണു, ജെറീഷ് എന്നിവർക്കെതിരേയാണ് വിശ്വാസവഞ്ചനയ്ക്കും ചതിക്കും കേസെടുത്തത്. കോട്ടയം കാഞ്ഞിരപ്പള്ളി സ്വദേശി ഷമാൽ ഷാജഹാന്റെ പരാതിയിലാണു നടപടി.

## എസ്എഫ്ഡിഎ വാർഷികം

**തൃശൂർ:** സ്റ്റേഷനറി ആൻഡ് ഫാൻസി ഡീലേഴ്സ് അസോസിയേഷൻ (എസ്എഫ്ഡിഎ) വാർഷികാഘോഷം പടിഞ്ഞാറേകോട്ട എം.എ. ചാക്കോ മെമ്മോറിയൽ ഹാളിൽ കെവിവിഇഎസ് ജില്ലാ ട്രഷറർ ജോയ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. എസ്എഫ്ഡിഎ പ്രസിഡന്റ് സി.ജെ. പോൾസൺ, തൃശൂർ ജില്ലാ മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റും എസ്എഫ്ഡിഎ സെക്രട്ടറിയുമായ സുനിൽ സൈമൺ, ടിഡിഎംഎ ജനറൽ സെക്രട്ടറി എ.ഒ. സെബാസ്റ്റ്യൻ, ട്രഷറർ എം.എസ്. ജയകുമാർ, എസ്എഫ്ഡിഎ ട്രഷറർ ഡേവിസ് പുലിക്കോട്ടിൽ, എസ്എഫ്ഡിഎ ജോ. സെക്രട്ടറി ബിനോയ് ഐസക്, വൈസ്പ്രസിഡന്റുമാരായ സി.സി. ജെയ്സൺ, സി.ഐ. തമ്പി, ജോ. സെക്രട്ടറി ലെവിൻ സെൽവിൻ, കമ്മിറ്റി അംഗങ്ങളായ സി.ജെ. നെൽസൺ, സി.കെ. ജോഷി, പോൾസൺ എന്നിവർ പങ്കെടുത്തു.

# ഫാ.പോൾ തേനേത്ത്: കുട്ടികളുടെ ഹൃദയംകവർന്ന അധ്യാപകൻ

**വടക്കഞ്ചേരി:** ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മേഖലയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വ്യക്തിയായിരുന്നു ഇന്നലെ അന്തരിച്ച ഫാ. പോൾ തേനേത്ത്. അധ്യാപകൻ, പ്രിൻസിപ്പൽ എന്നീ നിലകളിൽ നാലു പതിറ്റാണ്ടിലേറെ സേവനംചെയ്തായിരുന്നു ഫാ. പോൾ തേനേത്തിന്റെ പൗരോഹിത്യ സേവനത്തോടൊപ്പമുള്ള വിദ്യാഭ്യാസ രംഗത്തെ പരിഷ്കരണ പ്രവർത്തനങ്ങൾ.

മികച്ച അധ്യാപകനും പ്രിൻസിപ്പലിനുമുള്ള ആന്ധ്രാപ്രദേശ് സർക്കാരിന്റെ സംസ്ഥാന അവാർഡുകളും ഭാരത് ജ്യോതി അവാർഡും ലഭിച്ചിട്ടുണ്ട്. 1984ൽ വൈദികപട്ടം സ്വീകരിച്ച ഫാ. പോൾ തേനേത്ത് വിദ്യാഭ്യാസ രംഗത്തെ വിപ്ലവകരമായ മാറ്റങ്ങളുടെ മുൻനിരക്കാരനായി പ്രവർത്തിച്ച് ശ്രദ്ധേയനായി.

ഗുരുശിഷ്യ ബന്ധത്തിനപ്പുറം കുട്ടികളുടെ ഹൃദയംകവർന്ന അധ്യാപകനായിരുന്നു അദ്ദേഹമെന്ന് കാസിബുഗ സ്കൂളിലെ പൂർവവിദ്യാർഥി ഭഗതി കിഷോർ പ്രസിദ്ധീകരിച്ച മൈ ബിലവഡ് ടീച്ചർ എന്ന പുസ്തകത്തിൽ പറയുന്നു. വിവിധ ഭാഷകളിൽ നൈപുണ്യമുള്ള ഫാ. പോൾ മികച്ച ഗായകനുമായിരുന്നെന്ന് മെർമിയർ ഭവനിലെ വൈദികർ പറഞ്ഞു. ചുവട്ടുപാടത്തുള്ള മെർമിയർ ഭവനിൽ വിശ്രമ ജീവിതത്തിനിടെയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.



മുഖ്യമന്ത്രിയായിരുന്ന ചന്ദ്രബാബു നായിഡുവിൽനിന്ന് സംസ്ഥാനത്തെ മികച്ച അധ്യാപകനുള്ള അവാർഡ് ഫാ.പോൾ തേനേത്ത് ഏറ്റുവാങ്ങുന്നു (ഫയൽ ചിത്രം).





സ്റ്റേഷനറി ആൻഡ് ഫാൻസി ഡീലേഴ്സ് അസോസിയേഷൻ വാർഷികാഘോഷം ജോയ് മൂത്തേടൻ ഉദ്ഘാടനം ചെയ്യുന്നു.


## ദീപിക ക്ലാസിഫൈഡ്സ്

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7994114456
മണമില്ലാതെ, ബ്ലോക്ക് മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു.
T2607-597844





C2607-597621





T2607-596423

മാതാ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7356036003
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും രാത്രിയും പകലും വൃത്തിയാക്കുന്നു.
T2607-597090

റിയ ഹോളിഡേയ്സ്
സമ്മർ പാക്കേജുകൾ
യൂറോപ്പ് തീർത്ഥാടനം, വിശുദ്ധനാട് തീർത്ഥാടനം, മെഡ്ജുഗോറി യാത്ര, കെനിയ, ചൈന, ബാലി, ദുബായ്, വിയറ്റ്നാം, തായ്‌ലൻഡ്, കാശ്മീർ, ഡൽഹി-ആഗ്ര- ജയ്പൂർ, അയോധ്യ യാത്രകൾ ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പുറപ്പെടുന്നു. വിശദവിവരങ്ങൾക്കും ബുക്കിംഗിനും.
Mob: 9744255516/9656100616
T2606-594947

ഹോം നേഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ, GNM നേഴ്സിംഗ് എന്നീ ജോലിയ്ക്കും, ജോലിക്കാർക്കും. ശമ്പളം: രൂപ 17000 - 45000. സ്ത്രീ/ പുരുഷൻ.
Contact:
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
9446813356, 9388810095
Ph: 04862-255326
K2410-542782

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9846237864
T2607-597093

पंजाब नैशनल बैंक | pnb punjab national bank
പഞ്ചാബ് നാഷണൽ ബാങ്ക്, എആർഎംബി, എറണാകുളം
1-ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം-682 011, Ph: 0484-2350477, Email: cs4459@pnb.bank.in

ഇ-ലേല വിൽപ്പന നീട്ടിവെച്ചതിനെ സംബന്ധിച്ചുള്ള പൊതു അറിയിപ്പ്

ഈ ദിനപത്രത്തിൽ പഞ്ചാബ് നാഷണൽ ബാങ്ക് 17-07-2026 ന് പ്രസിദ്ധീകരിച്ചിട്ടുള്ള 15-07-2026 ലെ ഇ-ലേല വിൽപ്പന നോട്ടീസിൽ **M/s ടി കെ എന്റർപ്രൈസസ്** എന്ന അക്കൗണ്ടിന്റെ 04-08-2026ന് നടത്താനിരുന്ന ഇ-ലേലം **24-08-2026**ന് രാവിലെ **11.00** മണിക്കും വൈകുന്നേരം **5.00** മണിക്കും ഇടയിൽ നടത്തുന്നതാണ് എന്ന വിവരം വായ്പക്കാരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 23-08-2026. വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 21-08-2026. ഇ-ലേല വിൽപ്പന പരസ്യത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും മാറ്റമൊന്നുമുണ്ടായിരിക്കുന്നതല്ല.

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എആർഎംബി, എറണാകുളം
തീയതി: 18-07-2026
സ്ഥലം: എറണാകുളം.
E2607-597913

KVB Karur Vysya Bank Smart way to bank
ദി കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡ്
കോയമ്പത്തൂർ ആർ.എസ്. പുരം ബ്രാഞ്ച്, 249 എ തിരുവേങ്കടസ്വാമി റോഡ് (ഈസ്റ്റ്) ആർ.എസ്.പുരം, കോയമ്പത്തൂർ-641 002

കൈവശപ്പെടുത്തൽ നോട്ടീസ്

സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 - [റൂൾ8(1)]
(സ്ഥാവര സ്വത്തുക്കൾക്ക്)

ധനകാര്യ ആസ്തികളുടെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്ട്, 2002 (2002- ലെ ആക്ട് 54) പ്രകാരം **കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡിന്റെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ് സ്മെന്റ്) റൂൾസ്, 2002-ലെ റൂൾ 9-നോടൊപ്പം വായിക്കേണ്ട സെക്ഷൻ 13(12)ൽ നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, **30.07.2024** തീയതിയിൽ ഒരു ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഈ നോട്ടീസ് പ്രകാരം താഴെ പറയുന്നവരോട് **24,85,253.89 രൂപ (ഇരുപത്തിനാല് ലക്ഷത്തി എൺപത്തയ്യായിരത്തി ഇരുന്നൂറ്റി അമ്പത്തിമൂന്ന് രൂപയും എൺപത്തിയൊൻപത് പൈസയും മാത്രം)** നോട്ടീസ് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു:
**1:പി.ഡി. ബൈജു**, പി. ദാമോദരന്റെ മകൻ **(കടം വാങ്ങിയയാൾ)**, താമസസ്ഥലം: നമ്പർ 129, രാമലിംഗം റോഡ്, ആർ.എസ്. പുരം, കോയമ്പത്തൂർ-641002. നമ്പർ: 1 താഴെ പറയുന്ന വിലാസങ്ങളിലും താമസിക്കുന്നു: **1.** സുരശ്രീ നിവാസ് EL18/231, കിഴക്കുംപാട്ടുകര, തൃശ്ശൂർ 680006, **2.** ബൈ ലെയ്ൻ, പുത്തൻകുടിയിൽ ഹൗസ്, തോട്ടാക്കാട്ടുകര പി.ഒ., ആലുവ-683106. **2: സി.ജെ. പോളി**, ജോസിന്റെ മകൻ **(ജാമ്യക്കാരൻ)**, താമസസ്ഥലം: ചേട്ടുപുര ഹൗസ്, കൂർക്കഞ്ചേരി, തൃശ്ശൂർ-7.
വായ്പക്കാരൻ തുക തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, വായ്പക്കാരനെയും ജാമ്യക്കാരനെയും പൊതുജനങ്ങളെയും ഇത്തരുണത്തിൽ അറിയിക്കുന്നു: പ്രസ്തുത നിയമത്തിലെ സെക്ഷൻ 13 (4)-ഉം, പ്രസ്തുത ചട്ടങ്ങളിലെ റൂൾ 8-ഉം പ്രകാരം തനിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, **2026 ജൂലൈ 14-ാം** തീയതി താഴെ വിവരിക്കുന്ന വസ്തു ഞാൻ കൈവശപ്പെടുത്തിയിരിക്കുന്നു. വായ്പക്കാരനും പൊതുജനങ്ങളും ഈ വസ്തുവുമായി യാതൊരു ഇടപാടും നടത്തരുതെന്ന് ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവുമായി നടത്തുന്ന ഏത് ഇടപാടും **കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡിന്റെ 24,85,253.89 രൂപയുടെ (ഇരുപത്തിനാല് ലക്ഷത്തി എൺപത്തയ്യായിരത്തി ഇരുന്നൂറ്റി അമ്പത്തിമൂന്ന് രൂപയും എൺപത്തിയൊൻപത് പൈസയും മാത്രം)** ബാധ്യതയ്ക്കും തുടർന്നുള്ള പലിശയ്ക്കും വിധേയമായിരിക്കും.
ഈടാക്കിയ ആസ്തികൾ വീണ്ടെടുക്കുന്നതിന് ലഭ്യമായ സമയത്തെ സംബന്ധിച്ച്, ഈ നിയമത്തിലെ സെക്ഷൻ 13-ലെ സബ്-സെക്ഷൻ (8)-ലെ വ്യവസ്ഥകളിലേക്ക് വായ്പക്കാരന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

**വസ്തുവകകളുടെ വിവരണം**

തൃശൂർ ജില്ലയിൽ, പാണഞ്ചേരി വില്ലേജിൽ റീ-സർവ്വേ നമ്പർ 72/9 [പഴയ സർവ്വേ നമ്പർ 464/13]-ൽ ഉൾപ്പെട്ട 25 സെന്റ് വസ്തു. **ഇതിന്റെ അതിരുകൾ**: കിഴക്ക്: കുന്നിവിളപുത്തൻവീട്ടിൽ അശോകന്റെ വസ്തു, വടക്ക്: തെക്കത്ത് വളപ്പിൽ വേലായുധന്റെ വസ്തു, പടിഞ്ഞാറ്: കല്ലേറ്റിങ്കര ആന്റണിയുടെ ഭാര്യ റോസയുടെ വസ്തു, തെക്ക്: റോഡ്. എല്ലാവിധ നടവഴികളും ആനുകൂല്യങ്ങളും ഉൾപ്പെടെ.
**സ്ഥലം: തൃശൂർ** **അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ**
**തീയതി: 14.07.2026** **ദി കരൂർ വൈശ്യ ബാങ്ക് ലിമിറ്റഡ്**
T2607-597886